8 -ാം വർഷം
2024 ഡിസംബർ 15
മംഗളവാർത്ത
മൂന്നാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പ്രതിക്കൂട്ടിലെ ദൈവം

ഉൽപത്തി 18:1-10, ന്യായാധിപന്മാർ 13:2-7,24, എഫേസോസ് 3:1-13, ലൂക്കാ 1:57-66

'നീ എന്തിനാണ് എന്നെ പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുന്നത്?' മനുഷ്യനോട് ദൈവം ചോദിച്ചു. എന്നെ അനുഗ്രഹിക്കുകയാണ് നിന്റെ ജോലി. അതിനു തടസമുണ്ടാവുമ്പോൾ ഞാൻ ഇരുട്ടത്താണ്; തട്ടി വീഴുകയും ചെയ്യുന്നു. സുഗമമായ എന്റെ ജീവിതത്തിനു പ്രതിബന്ധമുണ്ടാക്കുന്നതുകൊണ്ടാണ് ഞാൻ നിന്നെ വിചാരണ ചെയ്യുന്നത്.

തുറന്നു സംസാരിക്കാൻ സ്വാതന്ത്ര്യമുള്ള ഒരു സാധുഹൃദയത്തോടാണ് ദൈവത്തിന്റെ ചോദ്യവും വളച്ചുകെട്ടില്ലാത്ത ഉത്തരവും.

അന്ധകാരത്തിനാണ് വ്യാപ്തിയും ആധിപത്യവുമെന്ന് നിരാശപ്പെടുന്ന സമൂഹം. കാത്തിരിപ്പിന് അന്തമില്ലാതെ ദൈർഘ്യമേറുന്നു. നന്മയിലേക്ക് ചാലു കീറുന്ന ചലനം പോലുമില്ല, നീതിമാർഗത്തിൽ ചരിക്കുന്ന ശുദ്ധമനസ്കരുടെ ജീവിതത്തിൽ തിരിച്ചടികൾ മാത്രം, അതിൽ നിന്ന് ഒരു മടക്കയാത്രയില്ലെന്ന ആഴമുള്ള ചിന്ത. പരമകാരുണികനും സ്നേഹവാരിധിയുമായ ദൈവം ഇതെല്ലാം കണ്ട് നിശബ്ദനായിരിക്കുന്നതെന്തേ?

ഇന്ന് നാം വായിച്ച സുവിശേഷഭാഗം, വി. ലൂക്കായുടെ സുവിശേഷം ഒന്നാം അധ്യായം 57 മുതൽ 66 വരെയുള്ള വാക്യങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരുന്ന ദൈവിക ഇടപെടലിന്റെ സ്വഭാവമെന്താണ്?

ക്രിസ്തുവിനു വഴിയൊരുക്കാൻ, അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അഭിഷേകം ചെയ്യപ്പെട്ട, ഇസ്രായേലിനെ അവസാനത്തെ പ്രവാചകനായ യോഹന്നാൻ സ്നാപകന്റെ ജനനത്തിരുനാളിൽ, ആ ജനനത്തിലേക്ക് നയിച്ച അതിശയകരമായ ദൈവികപദ്ധതിയുടെ പ്രതിപാദനമാണ് ഈ സുവിശേഷമാകുന്നത്. പരിശുദ്ധ ദൈവമാതാവിനു പുറമെ സഭയിൽ ആചരിക്കപ്പെടുന്ന



ജോമോൻ എം മങ്കുഴിക്കരി

ഏക ജനനത്തിരുനാൾ യോഹന്നാൻ സ്നാപകന്റേതാണെന്ന് നമുക്കറിയാം.

'ഗർഭത്തിൽത്തന്നെ, എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് എന്നെ നാമകരണം ചെയ്തു. എന്റെ നാവിനെ അവിടുന്ന് മൂർച്ചയുള്ള വാളു പോലെയാക്കി,' (ഏശയ്യ 49:1-2). അപ്രതീക്ഷിതമായ ആ ജനനവും ശിശുവിനു നൽകേണ്ട പേരും പിതാവ്, പുരോഹിതനായ സഖറിയയെ ദൈവദൂതൻ അറിയിക്കുന്നു.

കർത്താവിനു വഴിയൊരുക്കാനുള്ള സ്നാപകന്റെ ദൗത്യവും ഏശയ്യ പ്രവാചകന്റെ വാക്കുകളിലുണ്ട്.

പ്രായം കഴിഞ്ഞുപോയ സഖറിയയുടെയും എലിസബത്തിന്റെയും ജീവിതത്തിൽ വിവരണാതീതമായ അനുഗ്രഹവും ആഹ്ലാദവുമായി യോഹന്നാൻ കടന്നുവരുന്നതും, ശിശുവിന്റെ പേരീടിലും അവിശ്വാസവും മൂലം നഷ്ടപ്പെട്ട സഖറിയയുടെ സംസാരശേഷി തിരികെക്കിട്ടുന്നതും, യൂദയായിലെ മലനാട്ടിലെങ്ങും സംസാരവിഷയമായെന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഈ ശിശു ആരായിത്തീരും എന്ന അമ്പരപ്പ് അവരിലാകെയുണ്ടായി.

ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. വിശ്വസിക്കാനും ആശ്രയിക്കാനും ശരണപ്പെടാനും കഴിയുന്നവനിലാണ് നമ്മുടെ അഭയമെന്ന് സ്നാപകന്റെ ജനനത്തോടനുബന്ധിച്ച സംഭവപരമ്പരകൾ അടിവരയിടുന്നു.

അവിടുന്ന് തന്റെ വാഗ്ദാനം നിറവേറ്റുന്നത് തന്റെ സമയത്തിന്റെ പൂർണ്ണതയിലാണ്. നമ്മുടെ ടൈംടേബിളിന്റെ അടിസ്ഥാനത്തിൽ ദൈവികപദ്ധതിയെ വിലയിരുത്തുകയോ സമീപിക്കുകയോ ചെയ്യുന്നവർ ഏറെയാണ്.

**ദൈവം തന്നെ**

**ടൈംടേബിൾ**

യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിന്റെ മണ്ണൊരുക്കുകയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ജനനത്തിന്റെ സമയം ദൈവികപദ്ധതിയനുസരിച്ച് തീരുമാനിക്കപ്പെട്ടതാണ്. സഖറിയയുടെയും എലിസബത്തിന്റെയും പുത്രനായി യോഹന്നാൻ എപ്പോൾ ജനിക്കണമെന്ന തീരുമാനം, ഈ രക്ഷാകര ചരിത്രവുമായി ചേർന്നാണിരിക്കുന്നത്. മാനുഷികമായ ചോദ്യങ്ങൾക്കോ, യുക്തിക്കോ അവിടെ സ്ഥാനമില്ല.

നമ്മുടെ ജീവിതത്തിലെ ദൈവിക ഇടപെടലുകളും ഇതുപോലെയാവാം കടന്നുവരുന്നത്. നമ്മുടെ ആലോചനകളുടെയും ഭാവനകളുടെയും സ്വപ്നങ്ങളുടെയും പരിസരങ്ങളിൽ കുടുങ്ങിക്കിടക്കുന്നതല്ല ദൈവാനുഗ്രഹങ്ങൾ.

**ആഹ്ലാദിക്കുന്ന സമൂഹം**

ശിശുജനനത്തിലൂടെ അനുഗൃഹീതമായ എലിസബത്തിന്റെയും സഖറിയയുടെയും കുടുംബം അവരുടെ അയൽക്കാരെയും ബന്ധുക്കളെയും പ്രിയപ്പെട്ടവരെയും ആഹ്ലാദിപ്പിക്കുന്നു.

ഇപ്രകാരം ദൈവികാനുഗ്രഹങ്ങളിൽ ആനന്ദിച്ച് ദൈവമഹത്വമറിയുന്ന സമൂഹം തന്നെ ദൈവികമായ ഒരു ദാനമാണ്. അവന്റെ നന്മകളിലും പ്രയാസങ്ങളിലും പ്രതിസന്ധികളിലും ചേർന്നുനിന്ന് പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നത് പാരസ്പര്യത്തിന്റെ ദൈവികമുഖമാണ്.

സങ്കീർണ്ണമായ സാഹചര്യങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ, പരീക്ഷിക്കപ്പെടുമെന്ന് നാം പരിതപിക്കുമ്പോൾ, ദൈവത്തിന്റെ വിശ്വസ്തത നമ്മുടെ ജീവിതത്തിൽ വെളിപ്പെടുന്നതിനുള്ള അവസരമാണവയെന്ന് തിരിച്ചറിയുക.

**സ്നാപകൻ**
**ഒരു തിരിച്ചറിവ് !**

അപ്രതീക്ഷിതവും അത്ഭുതകരവുമായ ക്രമീകരണങ്ങളിലൂടെ തന്റെ പുത്രന്റെ മാനവവിമോചന ദൗത്യത്തിന്, അനുയോജ്യമായ പ്രാരംഭകനെ നിയോഗിക്കുകയായിരുന്നു, സ്നാപകന്റെ നിയോഗത്തിലൂടെ. താൻ കുറയുകയും അവൻ വളരുകയും വേണമെന്ന തിരിച്ചറിവാണ്, യോഹന്നാൻ സ്നാപകൻ തന്റെ അനുയായികളിൽ പ്രസരിപ്പിച്ചത്.

കർത്താവും സ്നാനമേറ്റത് യോഹന്നാനിൽ നിന്നായിരുന്നല്ലോ. ദൈവത്തിന്റെ കുഞ്ഞാടിനെ ലോകത്തിനു കാട്ടിക്കൊടുത്ത് തന്റെ ദൗത്യപൂർത്തീകരണത്തിലെത്തി സ്നാപകൻ.

**കർത്താവിന്റെ കരം**

'കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു.' (ലൂക്കാ 66) എന്ന് സ്നാപകന്റെ ജീവിതത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ശക്തമായ ദൈവികസാന്നിദ്ധ്യത്താൽ നയിക്കപ്പെട്ടു എന്നാണിത് സൂചിപ്പിക്കുന്നത്.

ദൈവികമായ ശക്തിയും ഇടപെടലും നമ്മുടെ ജീവിതത്തിലും അഭികാമ്യമായ മാറ്റങ്ങൾ വരുത്തുന്നു. ഈ അഭികാമ്യത ദൈവഹിതത്തിനു വിധേയമായിരിക്കുമ്പോഴാണ് നാം ദൈവിക പദ്ധതിയുടെ ഭാഗമാവുന്നത്. അതായത്, അവിടുത്തെ മഹത്വത്തിനും രാജ്യത്തിനും വേണ്ടി ഉപയോഗിക്കപ്പെടുന്നവരായി നാം മാറുന്നു.

കാത്തിരിപ്പിന്റെയും നിരാശയുടെയും മാനുഷികമായ പരുക്കൻ പ്രതലങ്ങളിൽ നാം ഉഴലുന്ന സാഹചര്യങ്ങളിലും സമയത്തിന്റെ പൂർണതയിൽ ദൈവികപദ്ധതികൾ നിറവേറുക തന്നെ ചെയ്യും. ഉപേക്ഷിക്കുന്നവനോ, തള്ളിക്കളയുന്നവനോ, നിസഹായതയിൽ കാഴ്ചക്കാരനോ അല്ല ദൈവം.

സഖറിയായുടെയും എലിസബത്തിന്റെയും യോഹന്നാന്റെയും പേരുകൾ അർത്ഥമാക്കുന്നതുപോലെ ദൈവം നമ്മെ സ്മരിക്കുന്നവനും നമുക്ക് ആശ്രയിക്കാവുന്നവനും നമ്മോടു കൃപയുള്ളവനുമാണ്. അവിടുത്തോടു ചേർന്നു നടക്കുമ്പോൾ ഈ അനുഗ്രഹ വഴികളിൽ നാം അനേകരെ സ്വന്തമാക്കും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com